(Pages : 3) **4788**

Reg. No. : ..........................

Name : ....................................

## Second Semester B.A./B.Sc./B.Com. Degree Examination, July 2015
## (Career Related First Degree Programme Under CBCSS)
### Group 2 (a)
### Language Course – IV : Additional Language – II
### ML 1211.3 : DRISHYAKALASAHITHYAM
### (2014 Admn.)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ **ഒന്നോ രണ്ടോ** വാക്യത്തിലോ ഉത്തരമെഴുതുക.

1) 'നളചരിതം ആട്ടക്കഥ'യ്ക്ക് 'കൈരളി' എന്ന പേരിൽ വ്യാഖ്യാനം എഴുതിയതാര് ?

2) കഥകളിയിലെ പാട്ടുകാരെ പൊതുവായി വിളിക്കുന്ന പേരുകൾ ?

3) 'കഥകളി രംഗം' എന്ന പുസ്തകം എഴുതിയതാര് ?

4) '' ....... നമ്മുടെ മാർഗ്ഗം മുടക്കും വൈരികളെല്ലാം
കടക്കും കാലഗേഹത്തിൽ കിടക്കും കുംഭിപാകത്തിൽ'' – ഈ വാക്കുകൾ ആരുടേതാണ് ?

5) രണ്ടുതുള്ളൽ വൃത്തങ്ങളുടെ പേരെഴുതുക.

6) സർപ്പപ്പത്തിമുടി ധരിച്ചുകൊണ്ട് നടത്തുന്ന തുള്ളൽ രൂപം ?

7) സി. ജെ. തോമസ് വിവർത്തനം ചെയ്ത ഇബ്സൻ നാടകം.

8) 'അവൻ വീണ്ടും വരുന്നു' എന്ന നാടകത്തിന്റെ ചുവടുപിടിച്ച് പൊൻകുന്നം വർക്കി എഴുതിയ നാടകം.

9) മികച്ച ചിത്രത്തിനുള്ള സ്വർണ്ണമെഡൽ നേടിയ എം. ടി. സിനിമ.

10) 'കടവ്'' എന്ന സിനിമയ്ക്കാധാരമായ കഥ ആരുടേതാണ് ? അതിന്റെ പേരെന്ത് ?

**(10×1=10Marks)**

P.T.O.

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ട് (8)** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11) ''സങ്കടമെനിക്കുണ്ടു, സദയത വേണമെന്നിൽ,
മങ്ഗല ഗാത്രീ, നീയെന്തിങ്ങനെ തുടങ്ങുന്നു ?'' – ഈ വാക്കുകൾ ആരുടേതാണ് ? മനോഭാവമെന്ത് ?

12) ''ആശ്ചര്യമിതിലേറ്റം അപരമെന്തോന്നുള്ളൂ'' ? വിവക്ഷിതമെന്ത് ? ആരുടെ പ്രസ്താവനയാണിത് ?

13) 'നളചരിതം ആട്ടക്കഥ'യിലെ കാട്ടാളന്റെ പദങ്ങളുടെ സവിശേഷതകളെന്തെല്ലാം ?

14) ''വാതിച്ചോർക്കും പ്രാണാപായേ
ജാതിച്ചോദ്യം വേണ്ടാ തൊടുവാൻ'' താത്പര്യമെന്ത് ?

15) ഓട്ടൻതുള്ളലിന്റെ വേഷവിധാനം വിവരിക്കുക.

16) ''ചിത്തേ വിഷാദിച്ചു നില്ക്കേണ്ട വല്ലഭ!
പഥ്യമല്ലെങ്കിൽ പറഞ്ഞതുമില്ല ഞാൻ'' – ആര് ആരോട് എപ്പോൾ പറഞ്ഞു ? വിശദമാക്കുക.

17) ''രാജിയാണു ജീവിതത്തിന്റെ വിജയരഹസ്യം'' എന്നു നിരീക്ഷിക്കുന്നതാര് ? സന്ദർഭം വ്യക്തമാക്കുക.

18) ''മുറിവുള്ളവനല്ലേ വേദനയറിയുന്നത്'' ആരാണ് ഇപ്രകാരം പറയുന്നത് ? പശ്ചാത്തലമെന്ത് ?

19) ഉപദേശിയാണ് 'അവൻ വീണ്ടും വരുന്നു' എന്ന നാടകത്തിന്റെ ജീവൻ. വിലയിരുത്തുക.

20) 'കടവി'ലെ ബീരാൻ എന്ന കഥാപാത്രത്തെ വിലയിരുത്തുക.

21) 'എം. ടിയുടെ 'കടവി'ലെ തോണിയും ജീവനുള്ളതായി പ്രേക്ഷകർ അറിയുന്നു'. പ്രസ്താവനയുടെ സാധുത്വം പരിശോധിക്കുക.

22) സിനിമയിലെ ഗ്രാമചിത്രീകരണത്തിന്റെ രാഷ്ട്രീയം പരിശോധിക്കുക.

**(8×2=16 Mar**

III. **120** വാക്കിൽ കവിയാതെ **ആറ് (6)** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23) 'ഉണ്ണായിവാര്യരുടെ കാട്ടാളൻ കുറ്റം ചെയ്തില്ല; ദമയന്തി ശപിച്ചുമില്ല' – ഈ നിരീക്ഷണത്തിന്റെ യുക്തിയെന്ത് ?

24) ജനപ്രിയമാകുന്നതിൽ നിന്ന് കഥകളിയെ പിൻവലിക്കുന്ന ഘടകങ്ങളെന്തെല്ലാം ?

25) ''വാമാക്ഷിവാക്യം പ്രമാണിക്ക കാരണം
രാമാദികൾക്കുമബന്ധം പിണഞ്ഞു പോൽ'' – വിവക്ഷിതമെന്ത് ? വിശദമാക്കുക.

26) തുള്ളലിന്റെ ജനസമ്മതിക്കുള്ള കാരണങ്ങളേവ ? വിശദീകരിക്കുക.

27) 'അവൻ വീണ്ടും വരുന്നു' എന്ന നാടകം ഉന്നയിക്കുന്ന ജീവിതപ്രശ്നമെന്ത് ? ചർച്ച ചെയ്യുക.

28) മലയാളനാടകവേദിയിൽ സി. ജെ. വരുത്തിയ സൂക്ഷ്മപരിണാമങ്ങളെന്തെല്ലാം ? വിവരിക്കുക.

29) 'കടവി'ലെ നഗര-ഗ്രാമസംഘർഷം – വിവരിക്കുക.

30) സിനിമാനിർമ്മാണത്തിലെ വിവിധ ഘട്ടങ്ങൾ വിവരിക്കുക.

31) നാടകവും സിനിമയും ഏതൊക്കെ മണ്ഡലങ്ങളിലാണ് ഒത്തുചേരുന്നത് ? വിശദീകരിക്കുക.

**(6×4=24 Marks)**

IV. **മൂന്നുപുറത്തിൽ** കവിയാതെ **രണ്ട് (2)** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32) ആട്ടക്കഥകളിൽ കാല്പനിക മാധുര്യം കൊണ്ട് നളചരിതം ഒന്നാം സ്ഥാനത്തു നില്ക്കുന്നു. നിരൂപണം ചെയ്യുക.

33) ആക്ഷേപഹാസ്യമാണ് കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികളിൽ നിറഞ്ഞു നില്ക്കുന്നത്. പരിശോധിക്കുക.

34) സി. ജെ. തോമസിന്റെ ആദ്യനാടകമെന്ന നിലയിൽ 'അവൻ വീണ്ടും വരുന്നു' എന്ന രചനയ്ക്കുള്ള ശക്തിദൗർബല്യങ്ങൾ വിലയിരുത്തുക.

35) വലിച്ചെറിയപ്പെട്ടവരുടെ തുരുത്താണ് കടവിൽ ചിത്രീകരിച്ചിട്ടുള്ളത്. വിലയിരുത്തുക.

**(2×15=30 Marks)**

---